# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 505

12.06.2012-ലെ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് വിൽക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച് നിറുത്തുന്നതിന് സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൂടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച നിർത്തുന്നതിന് കൺസ്യൂമർഫെഡിന്റെ 221 ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന 1200 ഓളം നീതി സ്റ്റോറുകളിലൂടെയും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ 1329 നന്മ സ്റ്റോറുകളിലൂടെയും ആവശ്യമായ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തുന്നത് സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ച നിർത്തുന്നതിന് ഏറെ സഹായകമാകുന്നുണ്ട്. ഇതു കൂടാതെ വിലക്കയറ്റത്തിന് സാധ്യതയുള്ള ഉത്സവകാലങ്ങളിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിലൂടെ പ്രത്യേക വിപണന മേളകൾ നടത്തി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. |
| (ബി) | നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന ത്രിവേണി സ്റ്റോറുകളുടെ ശൃംഖല വികസിപ്പിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു മിനി ത്രിവേണി സ്റ്റോർ/നന്മ സ്റ്റോർ വീതം ആരംഭിക്കുന്നതിനും എല്ലാ നിയോജക |

മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനും ഒഴുകുന്ന ത്രിവേണി സ്റ്റോറുകളുടെ എണ്ണം ഇപ്പോഴുള്ള 7-ൽ നിന്നും 10 ആയി വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

സെക്ഷൻ ഓഫീസർ